# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LIII - JK 85** **2025 February 02** **No. 2**


## CIRCULAR - 3

### 2025 ഫെബ്രുവരി 09 - തിരുബാലസഖ്യദിനം

**കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ പ്രിയ മാതാപിതാക്കളെ,
സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യംവെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ

സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51–52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാ പിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവയിലെല്ലാം മാതാപിതാക്കൾ സഹായമേകണം. *(സ്നേഹത്തിന്റെ ആനന്ദം 260).*

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവമാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നതുപോലെ 'യേശുവിനോ കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പി

ക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. ജനറേഷൻ ബീറ്റ തലമുറയുടെ കാലഘട്ടമാണ് ഇനി. 2025 നും 2039 നും ഇടയിൽ ജനിക്കുന്ന കുട്ടികൾ ജനറേഷൻ ബീറ്റാ തലമുറയെന്നാണ് അറിയപ്പെടുന്നത്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്ന വരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു

ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്ത വാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽ പോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

---

N.B.: **ഈ സർക്കുലർ 2025 ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# CIRCULAR - 4

## കുർബാനധർമ്മം

യേശുവിൽ പ്രിയ വൈദികസഹോദരരേ,
സന്ന്യസ്തരേ, വത്സലമക്കളേ

2024 ഡിസംബർ 5-ാം തീയതി കൂടിയ കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ (KCBC) തീരുമാനപ്രകാരം കേരള കത്തോലിക്കാ സഭയിൽ 2025 ഏപ്രിൽ 1-ാം തീയതി മുതൽ സാധാരണ കുർബാന (ഒറ്റക്കുർബാന) യുടെ ധർമ്മം (Mass Stipend) നൂറ്റിയമ്പതു (150) രൂപ യായിരിക്കും എന്ന് അറിയിക്കുന്നു

എറണാകുളം
02.02.2025

**✠ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## NOTIFICATION - 4
## Transfers & Appointments
## February 2, 2025

1. **Rev. Fr. Antony Mulloor**
   Chaplain, Aroghyamatha Church, Ponekkara
   AIMS, Pin - 682041

2. **Rev. Fr. John Palliparambil**
   Parish Priest
   St. Nicholas De Flue Church
   Padamugal - 682 030.

3. **Rev. Fr. Jenin Antony Marottiparambil**
   Administrator, Assisi, Perumpilly
   & Priest in Charge,
   Christ The King Church, South Puthuvaippu

4. **Rev. Fr. Joseph Midhun Chemmayath**
   Priest in Charge, Sacred Heart Church
   Pazhangad, Edavanakkad

5. **Rev. Fr. Sinu Cleetus Chamminikodath**
   Asst. Parish Priest,
   St. Philomena's Church & St. Kuriakose Elias
   Chavara Shrine, Koonammavu - 683 518

6. **Rev. Fr. Sunil Mudavassery**
   Asst. Parish Priest, St. Michael's Church
   Chembumukku, Kakkanad, Thrikkakara P.O.,
   Cochin - 682 021.

7. **Rev. Fr. Raphael Stinil Chanassery**
   Asst. Parish Priest, St. Antony's Church
   Vaduthala, Cochin - 682 023.

8. **Rev. Fr. Joseph Tony Karvalio**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.

9. **Rev. Fr. Sujith Stanly Naduvilaveettil**
Asst.Parish Priest, St. Mary Magdalene's Church
Moothedom, Maradu - 682 304

10. **Rev. Fr. Rinoy Xavier Kalappurakkal**
Asst. Parish Priest, St. Francis Xavier's Church,
Kaloor, Cochin - 682 017

11. **Rev. Fr. Jilu Jose Mulloor**
Asst. Parish Priest, St. Jude Thaddeus Church
Ettekar, Edathala - 683 564.

12. **Rev. Fr. Allphin Antony Kochuveettil**
Asst. Parish Priest, St. Raphael's Church
Thykoodom, Cochin - 682 019

13. **Rev. Fr. Renil Thomas Ittikkunnath**
Asst. Parish Priest, Little Flower Church,
Pottakuzhy, N. Kaloor - 682 017

14. **Rev. Fr. Edison Joseph Villanassery**
Asst. Parish Priest, St. John the Baptist Church
Palarivattom, Cochin - 682 025

15. **Rev. Fr. Lijo Joshy Puliparambil**
Asst. Parish Priest, Holy Family Church
Perumpilly, Narakkal P.O.- 682 505.

16. **Rev. Fr. Albert George Kattukandathil**
Asst. Parish Priest, Our Lady of Mercy Church
Ponnarimangalam, Cochin - 682 504.

17. **Rev. Fr. Ebin Vivera Thekkekanissery**
Asst. Parish Priest, St. James Church
Cheranellur 682 034

18. **Rev. Fr. Nijin Joseph Kattiparambil**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.

19. **Rev. Fr. Martin Garrison Paiva**
Asst. Parish Priest, Cruz Milagres Church
Kurisinkal, Ochanthuruth - 682 508.

20. **Rev. Fr. William Charles Thykkoottathil**
Asst. Parish Priest, Infant Jesus Church,
Ernakulam, Cochin 682031

21. **Rev. Fr. Abi Francis Durom**
Asst. Parish Priest, St. Jude Thaddeus Church
Kidangoor, Yoodhapuram – 683591

22. **Rev. Fr. Sebi Victor Thundiparambil**
Asst. Director, Lourdes Hospital
Pachalam, Cochin - 682 012.

23. **Rev. Fr. Jibu Varghese Thaithara**
Asst. Parish Priest,
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

24. **Rev. Fr. Lipin Jose Kooliyath**
Asst. Parish Priest,
Our Lady of Immaculate Conception Church
Koratty - 680 309.

25 **Rev. Fr. Sobin Stanlin Pallath**
Asst. Parish Priest, St. George's Church
Perumanoor, Cochin - 682 016.

26 **Rev. Fr. Ashish Augustine Thundiparambil**
Asst. Parish Priest, Our Lady of Perpetual Help Church
Valappu, Ochanthuruth - 682 508.

27 **Rev. Fr. Jixon Johny Cheriyil**
Asst. Parish Priest, St. George's Church, Vadel,
Nayarambalam P.O.- 682 509

28 **Rev. Fr. Savio Antony Thekkepadath**
Asst. Parish Priest, St. Francis Xavier's Church,
Kaloor, Cochin - 682 017

29 **Rev. Fr. Mixon Raphael Puthenparambil**
Asst. Parish Priest,
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

30. **Rev. Fr. Antony Raphael Koramchanth**
Chaplain, Lourdes Hospital
& Chief Editor, Jeevadeepthi

31. **Rev. Fr. Miltan Thaiparambil CSJ**
Priest in Charge, Sacred Heart Church, N.A.D., Aluva

32. **Rev. Fr. Yesudas Prakash CSJ**
Special Pastoral Assistance
Church of Our Lady of Fatima, Elamkulam

33. **Rev. Fr. Don Peter Pandiyalakkal C.P.**
Asst. Parish Priest, St. Ambrose Church, Edavanakkad

Ernakulam
02.02.2025

**Chancellor**
Archdiocese of Verapoly

# CASUS
# FEBRUARY 2025

*Q: Mary asks her Parish Priest the following question: My ex-husband and I are both Catholics. We got married in my parish church. We later were divorced but never got an annulment. Recently he got remarried in a civil ceremony. Later he announced to me that "we had our marriage blessed in [the Catholic Church]." But, how did they do that, since our marriage was never annulled?*

After obtaining a bit more information from Mary, it's fairly clear what must have happened here. At issue is not remarriage in the Catholic Church without an annulment, but rather a misunderstanding of the notion of "having a marriage blessed." Let's try to understand the case step by step. If he and Mary married in a Catholic wedding ceremony, and never sought/obtained an annulment after their divorce, then the Church considers them still to be married. As per canon 1060, the validity of their marriage must be upheld until the contrary is proven. It makes sense, therefore, that when Mary's husband wanted to marry someone else, he couldn't do so in a valid Catholic ceremony. Since his first marriage to Mary has not been established by a Marriage Tribunal to have been invalid, the Church holds that he is still married to Mary. Put differently, Mary's husband can't marry someone else in the Church, due to the impediment of prior bond (c. 1085).

This means, logically, that in the eyes of the Catholic Church, the second marriage of Mary's husband is invalid. He is, in other words, now living with another woman who is not his wife. If he wants to remedy this situation, what can he do? The answer is pretty straightforward: he needs to request a declaration of nullity of his first marriage from the diocesan Marriage Tribunal. And if they eventually

determine that his first marriage to Mary was indeed null for some reason, he will be able to marry someone else in the Catholic Church. Note that an annulment will not automatically validate his second marriage outside the Church. Even if Mary and her ex-husband had received an annulment of their marriage before her ex-husband's second wedding, his second marriage in a civil ceremony is invalid because it was not celebrated in accord with canonical form (cf. c. 1108). So after he obtains an annulment of his first marriage, he will be able to rectify his second invalid marriage in the Catholic Church.

*So what is Mary's ex-husband talking about, then? How did he and his new wife somehow have their marriage blessed by the Church elsewhere?*

This man did not show up at the door of a church in another place and have them somehow validate his invalid second marriage on-the-spot. This would be impossible not only for the reasons just stated above, but also because he and his new wife aren't members of that parish, and don't even live in that diocese! As we know Catholic priests rightly don't agree to marry any stranger who randomly walks into their parish off the street, much less agree to arrange somehow to rectify a Catholic stranger's invalid civil marriage. This type of spiritual care is, quite understandably, the responsibility of the pastor of Mary's ex-husband's parish back home, since it is his parish priest who has been entrusted with this man's spiritual wellbeing (cf. cc. 519 and 528). While of course we all can attend Mass and receive the Eucharist at a strange parish while on vacation, and go to confession there as well, the notion that we would show up without any warning and ask a priest we've never seen before to help sort out our marriage-issues is quite another matter!

What actually happened here is very simple. Mary's former husband and his new wife visited a famous Shrine, and while they were there, they told one of the priests that they were new couples, and asked him to give them a blessing. And like any good priest, he readily agreed, not realizing that they had been married outside the Church, and were planning to tell people that they "had had their marriage blessed" in this well-known Shrine.

The fact is, people ask priests to bless themselves, other persons and various objects all the time. Here in our Archdiocese, for example, it happens every single day that numerous visitors to various Shrines will search out a priest and ask him to bless the rosary/medal/statue/crucifix that they just purchased, and the priest will immediately do just that. Similarly, it is not uncommon for a mother to stop a priest and ask him, "Father, will you bless my baby?" People routinely ask priests to bless their homes, their cars, etc. As a general rule, when a person approaches a priest with such a request, the priest assumes their good will. He doesn't question whether the rosary was stolen, or the baby was kidnapped! This is all the more true in a famous Shrine like the one Mary's ex-husband visited with his new wife, where pilgrims make such requests many times every day. If someone devoutly asks for a blessing, why wouldn't a priest grant it?

But note that canonically, there is a huge difference between asking a priest to bless you and your new spouse, and having your invalid marriage validated sacramentally in the Catholic Church. This latter is informally known as "having your marriage blessed," although there is in fact a lot more that happens besides simply receiving a priest's blessing. It seems pretty clear that Mary's ex-husband is being less than honest here. He knows full well that he can't marry again in the Church without an annulment, that's why his recent wedding was a civil ceremony, but

it seems that he wants to think (or wants others to think) that somehow his second marriage has been given the Church's approval.

Catholic children are regularly taught that if they do something sinful in secret, God sees them anyway, and so they can't hide their wrongdoing from God. Yet there are a lot of Catholic adults out there who seem to think that if they can somehow fool the Church (or the Catholic clergy) into approving their actions, this makes their actions morally okay. It goes without saying that they are kidding themselves. In the case of Mary's ex-husband, the priest at the Shrine did nothing wrong by giving him and his new wife a blessing as requested, but it is very wrong for her ex-husband to misrepresent that blessing as some sort of a validation of his new, invalid marriage.

NB: Do we take utmost care before a Marriage takes place to establish that nothing stands in the way of its valid and lawful celebration? (Cf. Can. 1066)

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21